

## ബജറ്റ് പ്രസംഗം

വള്ളുവനാട് രാജാവിന്റെയും കോഴിക്കോട് സാമൂതിരിയുടെയും അധീനതകൾക്കിടയിൽ സ്ഥിതിചെയ്ത പ്രദേശമായതിനാൽ ***എടയൂർ*** എന്ന പേര് ലഭിച്ച നമ്മുടെ നാട്ടിൽ ഭൂമിശാസ്ത്രപരമായി കാർഷിക മേഖലക്ക് പ്രാധാന്യമുള്ളതിനാൽ കൃഷി-അനുബന്ധ മേഖലയിൽ ഊന്നിയ വികസനമാണ് പ്രധാനമായുള്ളത്. ***ജനപക്ഷ വികസനം ജനകീയ ഇടപെടലിലൂടെ*** സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തിന്റെ 2023–24 വർഷത്തേക്കുള്ള പ്രതീക്ഷിത വരവ്-പ്രതീക്ഷിത ചെലവുകളെ പ്രതിപാദിക്കുന്ന രൂപ രേഖ വരച്ച് കാണിക്കുന്ന വികസന പ്രവർത്തനങ്ങളുടെ നേർക്കാഴ്ചയാണ് ഈ വർഷത്തെ ബജറ്റ്.

**وَٱفۡعَلُواْ ٱلۡخَيۡرَ لَعَلَّكُمۡ تُفۡلِحُونَ**

***നിങ്ങൾ നന്മ ചെയ്യുവിൻ***
***അതുവഴി നിങ്ങൾക്ക് വിജയ***
***സൗഭാഗ്യം പ്രതീക്ഷിക്കാം***

*(സൂറത്തുൽ ഹജ്ജ്: 77)*

എന്ന മഹത് വചനം അന്വർത്ഥമാക്കും വിധം മുൻവർഷങ്ങളിൽ നാം തുടങ്ങിവച്ച നിരവധി വികസന പദ്ധതികൾ വിജയസോപാനമേറിയതിന്റെ ചാരിതാർത്ഥ്യത്തിലാണ് നമ്മൾ. ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിട സമുച്ചയം ഒരുക്കുന്നതിനായി അധിക സ്ഥലം വാങ്ങൽ, സമ്പൂർണ്ണ ശുചിത്വം സാധ്യമാക്കുന്നതിനായി വിവിധ വിദ്യാലയങ്ങളിൽ പണികഴിപ്പിച്ച സ്ത്രീ സൗഹൃദ-ഭിന്നശേഷി സൗഹൃദ ശൗചാലയങ്ങൾ, വഴിയോര യാത്രക്കാർക്കായി മണ്ണത്ത്പറമ്പിൽ സ്ഥാപിച്ച ടേക് എ ബ്രേക്ക് എന്നിവ ഉദാഹരണങ്ങൾ. ബഡ്സ് സ്കൂളിൽ ഹൈടെക് ഫർണിച്ചറുകൾ സ്ഥാപിച്ച് ക്ലാസ്സുകൾ ആരംഭിച്ചത് ജനക്ഷേമ വികസന പ്രവർത്തനത്തിലെ മറ്റൊരു നാഴികക്കല്ലാണ്. അക്ഷരങ്ങളെ സ്നേഹിക്കുന്ന എടയൂരുകാർക്കായി നവീകരിച്ച വായനശാല തുറന്ന് കൊടുത്തതും ഇക്കാലത്താണ്. വിദ്യാർത്ഥിക

ൾക്ക് യോഗ പരിശീലനം, നീന്തൽ പരിശീലനം, എടയൂരിലെ ഭാവി ഫുട്ബോൾ പ്രതിഭകളെ വാർത്തെടുക്കുന്നതിന് വേണ്ടി എൽ.പി, യു.പി വിദ്യാർത്ഥികൾക്കായി കായിക പരിശീലനം തുടങ്ങിയ പദ്ധതികൾ പൊതു വിദ്യാഭ്യാസ രംഗത്തെ പരിപോഷിപ്പിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ ഇടപെടലിന് മറ്റൊരു ഉദാഹരണമാണ്. ഇനിയും നമുക്കൊരുപാട് കാര്യ ങ്ങൾ ചെയ്യാനുണ്ട്. നിലവിൽ പഞ്ചായത്തിന് ലഭ്യമായ ബഡ്ജറ്റ് വഹിതം കുറവായത് പ്രത്യേകിച്ച് റോഡ് വിഹിതത്തിൽ വന്ന കുറവ് നമ്മുടെ വികസന പ്രവർത്തനത്തിന് വലിയൊരു വെല്ലുവിളിയാണ്.

പരിമിതമായ വിഭവ സ്രോതസ്സിലും ജനക്ഷേമകരമായ നിരവധി പദ്ധ തികൾ വരും നാളുകളിൽ നടപ്പിലാക്കുന്നതിന് പ്രാധാന്യം നൽകുന്നതാണ് ഈ വർഷത്തെ ബജറ്റ്. ഭിന്നശേഷി വിഭാഗക്കാരുടെ ഉന്നമനത്തിനായി സൗജന്യമായി ലഭ്യമായ സ്ഥലത്ത് വിപുലമായ സൗകര്യങ്ങളോടുകൂടി ബഡ്സ് സ്കൂൾ സ്ഥാപിക്കൽ, ***ശുചിത്വം സുന്ദരം എന്റെ എടയൂർ*** സാധ്യ മാക്കുന്നതിനുള്ള പദ്ധതികൾ, കാർഷിക മേഖലയിലെ സ്വയം പര്യാപ്തത കൈവരിക്കൽ, വിദ്യാഭ്യാസ ആരോഗ്യ മേഖലയിലെ സമഗ്രവികസനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ, വനിതകളുടെ സ്വയംതൊഴിൽ സംരംഭം തുടങ്ങി വരുമാനദായകവും വികസനോന്മുഖവുമായ നിരവധി പദ്ധതി നിർദ്ദേശങ്ങളിലൂടെ എടയൂരിന്റെ സമഗ്ര പുരോഗതി സാധ്യമാകുമെന്നും അതിനായി ഏവരും കൂടെയുണ്ടാകുമെന്ന പ്രതീക്ഷയോടെ 2023-24 ലെ വാർഷിക ബജറ്റ് അവതരിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വൈ.പ്രസിഡ ന്റിനെ ക്ഷണിക്കുന്നു.

**എം.പി.ഹസീന ഇബ്രാഹിം**
പ്രസിഡന്റ്
എടയൂർ ഗ്രാമപഞ്ചായത്ത്

04-03-2023



# ബജറ്റ് കുറിപ്പ്

എടയൂർ ഗ്രാമപഞ്ചായത്തിന്റെ 2023–24 സാമ്പത്തിക വർഷത്തെ ബജറ്റാണ് ഞാൻ അവതരിപ്പിക്കുന്നത്. **189326521** രൂപ വരവും **184910249** രൂപ ചെലവും **4416272** രൂപ മിച്ചവും പ്രതീക്ഷിക്കുന്നു.

***'മറ്റുള്ളവരുടെ ക്ഷേമം എപ്പോഴും മനസ്സിൽ വച്ചുകൊണ്ട് നിങ്ങളുടെ ജോലി ചെയ്യുക'***

എന്ന ഗീതാവചനം ഉൾക്കൊണ്ടുകൊണ്ട് എടയൂരിന്റെ സമസ്ത മേഖലയുടെയും സമഗ്ര വികസനത്തിന് പര്യാപ്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ ബജറ്റ്. സംസ്ഥാന സർക്കാരിന്റെ ഗ്രാമപഞ്ചായത്തിനുള്ള ബജറ്റ് വിഹിതത്തിലെ കുറവ് പശ്ചാത്തല മേഖലയിലെ വിശിഷ്യ ഗതാഗത സൗകര്യം പൂർണ്ണതോതിൽ ഒരുക്കുന്നതിലെ പദ്ധതികൾക്ക് പണം വകയിരുത്തുന്നതിന് തടസ്സമായിട്ടുണ്ട് എന്നത് വസ്തുതയാണ്. എന്നിരുന്നാലും സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ കണ്ണീരൊപ്പുന്നതിന്, അവരെ കൂടെ ചേർത്തുനിർത്തുന്നതിനായുള്ള അഗതി രഹിത കേരളം പദ്ധതി, ഭിന്നശേഷി വിഭാഗക്കാരുടെ ഉന്നമനം, വയോജന ക്ഷേമം സാധ്യമാക്കുന്നതിനുള്ള പദ്ധതികൾ, സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ, കാർഷിക–മൃഗസംരക്ഷണ–ക്ഷീര വികസന മേഖലയിൽ സ്വയംപര്യാപ്തത ഉറപ്പാക്കുന്നതിനും വരുമാനം പ്രദാനം ചെയ്യുന്നതിനുമുള്ള പദ്ധതികൾ, വനിത വികസനം സാധ്യമാക്കുന്നതിനായി സ്വയം തൊഴിൽ സംരംഭങ്ങൾ, പട്ടികജാതി വിഭാഗക്കാർക്കായുള്ള ക്ഷേമ പദ്ധതികൾ തുടങ്ങിയവക്കാണ് ഈ ബജറ്റിൽ ഊന്നൽ നൽകിയിരിക്കുന്നത്. പ്രതീക്ഷിത വരവ് ചുവടെ വിവരിക്കുന്നു

| | | |
|---|---|---|
| 1. | നികുതി | 7040000 |
| 2. | നികുതിയേതരം | 2053000 |
| 3. | ആകെ തനത് വരുമാനം | 9093000 |
| 4. | ജനറൽ പർപ്പസ് ഫണ്ട് | 22368000 |
| 5. | വികസന ഫണ്ട് (ജനറൽ) | 27504000 |
| 6. | വികസന ഫണ്ട് (എസ്.സി.പി) | 7957000 |
| 7. | ധനകാര്യ കമ്മീഷൻ (അടിസ്ഥാന ഗ്രാന്റ്) | 4554000 |
| 8. | ധനകാര്യ കമ്മീഷൻ (പ്രത്യേക ഉദ്ദേശം) | 6832000 |
| 9. | മെയിന്റനൻസ് ഗ്രാന്റ് – റോഡ് | 4971000 |

| | | |
|---|---|---|
| 10. | മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് | 6711000 |
| 11. | കേന്ദ്രാവിഷ്കൃത പദ്ധതി | 21490000 |
| 12. | സംസ്ഥാനാവിഷ്കൃത പരിപാടികൾ | 55250000 |

## പ്രധാന മേഖലകൾക്കുള്ള വകയിരുത്തലുകൾ

| | | |
|---|---|---|
| 1. | കാർഷിക മേഖല | 6950000 |
| 2. | ജല സംരക്ഷണം | 2100000 |
| 3. | പുതിയ ഗ്രാമീണ റോഡുകൾ | 4529000 |
| 4. | ഗ്രാമീണ റോഡുകളുടെ പരിപാലനം | 4971000 |
| 5. | കുടിവെള്ളം | 1900000 |
| 6. | ഭവന പുനഃരുദ്ധാരണം | 6500000 |
| 7. | പൊതുജനാരോഗ്യം | 6700000 |
| 8. | ഭിന്നശേഷിക്കാരുടെ ക്ഷേമം | 5855000 |
| 9. | അംഗൻവാടി പോഷകാഹാരം | 3000000 |
| 10. | ശുചിത്വം | 5766000 |
| 11. | വനിതാ ക്ഷേമം | 4800000 |
| 12. | പട്ടികജാതി വികസനം | 7957000 |
| 13. | വിദ്യാഭ്യാസം | 2615600 |
| 14. | വയോജന ക്ഷേമം | 1800000 |
| 15. | പാർപ്പിടം | 15892000 |
| 16. | ചെറുകിട വ്യവസായം | 654000 |
| 17. | മൃഗസംരക്ഷണം–ക്ഷീരവികസനം | 2990000 |

## ഘടക സ്ഥാപനങ്ങൾക്കുള്ള വകയിരുത്തൽ

| | | |
|---|---|---|
| 1. | കൃഷി ഓഫീസ് | 50000 |
| 2. | കുടുംബാരോഗ്യ കേന്ദ്രം | 320000 |
| 3. | ആയുർവ്വേദ ആശുപത്രി | 440000 |
| 4. | ഹോമിയോ ആശുപത്രി | 40000 |
| 5. | മൃഗാശുപത്രി | 50000 |
| 6. | ഐ.സി.ഡി.എസ് | 150000 |
| 7. | അസി.എഞ്ചിനിയറുടെ ഓഫീസ് | 120000 |
| 8. | സർക്കാർ എൽ.പി സ്കൂളുകൾ | 450000 |

## ബജറ്റ് പ്രധാന പ്രഖ്യാപനങ്ങൾ

- ഭിന്നശേഷി വിഭാഗക്കാരുടെ ഉന്നമനത്തിനായി വിപുലമായ സൗകര്യങ്ങളോട് കൂടി ഹൈടെക് ബഡ്സ് സ്കൂൾ നിർമ്മിക്കും.
- എടയൂരിലെ മുഴുവൻ വീടുകളെയും ഹരിത കർമ്മസേന പ്രവർത്തനത്തിന്റെ ഭാഗമാക്കിമാറ്റി ***'ശുചിത്വം സുന്ദരം എന്റെ എടയൂർ'*** സാധ്യമാക്കുന്നതിനായി അജൈവ മാലിന്യം ശേഖരിക്കുന്നതിന് മുഴുവൻ വീടുകളിലേക്കും ഹരിത സഞ്ചി.
- വയോജന ക്ഷേമത്തിനായി രോഗനിർണ്ണയ ക്യാമ്പും ഉപകരണ വിതരണവും.
- അത്തിപ്പറ്റ ഗവൺമെന്റ് എൽ.പി സ്കൂൾ ക്ലാസ്മുറികൾ ടൈൽ വിരിച്ച് നവീകരിക്കുക, മുഴുവൻ വിദ്യാലയങ്ങളിലേക്കും സ്പോർട്സ് കിറ്റ്, ഫസ്റ്റ്എയ്ഡ് കിറ്റ്, പത്രങ്ങൾ, ആനുകാലികങ്ങൾ തുടങ്ങി പൊതുവിദ്യാലയ ശാക്തീകരണത്തിനായി വിവിധ പദ്ധതികൾ.
- ശുചിത്വ പൂർണ്ണമായ നാടിനെ വാർത്തെടുക്കുന്നതിനായുള്ള ഹരിത കർമ്മ സേന പ്രവർത്തനത്തിൽ സഹായകരമാകാൻ ഉതകുംവിധം പുതിയ ആപ്പ് തയ്യാറാക്കും.
- കോളനികളിൽ സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിനായുള്ള ഡ്രൈനേജ് പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കും.
- വിജയകരമായ ചെണ്ടുമല്ലി കൃഷി പദ്ധതിയോടൊപ്പം കുറ്റിമുല്ല കൃഷി വ്യാപകമാക്കും.
- ജലസംരക്ഷണ പദ്ധതി നടപ്പിലാക്കുന്നതിനായി ഒടുങ്ങാട്ടുകുളം, കാനകുളം തുടങ്ങിയ ജലസ്രോതസ്സുകളെ നവീകരിക്കും.
- വനിത വികസനത്തിനായി സ്വയംതൊഴിൽ സംരംഭവും വരുമാന ദായക പദ്ധതികളും നടപ്പിലാക്കും.
- കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വിവിധ കുടിവെള്ള പദ്ധതികളുടെ നവീകരണവും പൈപ്പ് ലൈൻ നീട്ടൽ.
- സമ്പൂർണ്ണ പാർപ്പിട പദ്ധതിക്കൊപ്പം വീടുകൾ വാസയോഗ്യമാക്കൽ പദ്ധതിക്ക് കൂടുതൽ ഊന്നൽ.

മേൽപ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ പ്രവർത്തനങ്ങൾക്കും ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും പരിപൂർണ്ണ സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊണ്ട് 2023–24 വാർഷിക ബജറ്റ് സമിതിയുടെ ചർച്ചക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

**കെ.പി.വേലായുധൻ**
വൈസ് പ്രസിഡന്റ്
എടയൂർ ഗ്രാമപഞ്ചായത്ത്

04–03–2023